# മൊൺസാന്തോ ഇന്ത്യവിടുന്നു

മൊൺസാന്തോ എന്ന അമേരിക്കൻ ആഗോളക്കുത്തക ഇന്ത്യയിൽനിന്നു പതുക്കെ പിൻവലിയാനുള്ള ശ്രമത്തിലാണെന്നു തോന്നുന്നു. ജനിതക ഭേദന പ്രക്രിയ വഴി അന്തക വിത്തുകൾ ഉത്പാദിപ്പിച്ച് ലോക കാർഷിക സാമ്രാജ്യത്തിൽ ആധിപത്യം നേടാൻ ശ്രമം നടത്തിയ വിത്ത് കമ്പനിയാണിത്. ലോകമെമ്പാടുമുള്ള പ്രകൃതി പരിസ്ഥിതി പ്രേമികളിൽനിന്നും കർഷക സംഘങ്ങളിൽനിന്നും നേരിട്ട അതിരൂക്ഷമായ എതിർപ്പുകളെത്തുടർന്ന് കമ്പനിക്ക് അതിന്റെ പല പരിപാടികളിൽനിന്നും പിൻവലിയേണ്ടിവന്നു. ബാംഗളൂരിൽ ഇന്ത്യൻ ശാസ്ത്രഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് കാമ്പസിലുണ്ടായിരുന്ന അവരുടെ ആർ ആൻഡ് ഡി യൂണിറ്റ് കഴിഞ്ഞമാസം അടച്ചുപൂട്ടി. അതിൽ പ്രവർത്തിച്ചിരുന്ന ശാസ്ത്രജ്ഞരെയും ജീവനക്കാരെയും പിരിച്ചുവിട്ടു. കൂടാതെ അതിന്റെ ഐ ടി പ്രോഗ്രാമിംഗ് യൂണിറ്റിൽനിന്ന് അനേകരെ പിരിച്ചുവിട്ടതായും അവിടെയുണ്ടായിരുന്ന വിദഗ്ധരിൽ പലരും രാജിവച്ചതായും റിപ്പോർട്ടുണ്ട്.

70 ശാസ്ത്രജ്ഞന്മാരുടെ ഒരു കമ്പനി സഹിതം 1998ലാണ് IISc കാമ്പസിൽ മൊൺസാന്തോവിന്റെ ഗവേഷണ വികസന കേന്ദ്രം പ്രവർത്തനം തുടങ്ങിയത്. കേന്ദ്രത്തിന്റെ ഐ ടി പ്രോഗ്രാമിംഗ് യൂണിറ്റ് മല്ലേശ്വരത്താണ്. അനുബന്ധ ഘടകങ്ങളായ ഗെകെപ് (GEKEP - GENOME KNOWLEDGE ENHANCEMENT PROGRAMME) ക്രോസ് പ്രൊട്ടക്ഷൻ, റൈസ് ട്രാൻസ്ഫർമേഷൻ യൂണിറ്റുകൾ IISC കാമ്പസിൽ തന്നെ പ്രവർത്തിച്ചുപോന്നു.

സ്ഥാപനത്തിൽ പണിയെടുത്തിരുന്നവരുടെ ശക്തമായ എതിർപ്പുകൾക്കിടയാക്കി അടച്ചുപൂട്ടൽ എന്നാണ് റിപ്പോർട്ട്. തുടർന്ന് പല യൂണിറ്റുകളിൽനിന്നും മേധാവികൾ ഉൾപ്പെടെ പല ശാസ്ത്രജ്ഞന്മാരും രാജിവച്ചെന്നു കേൾക്കുന്നു. ഐടി വിദഗ്ധരുടെ അഭാവം കമ്പനിയെ വല്ലാതെ അലട്ടുന്നുണ്ടത്രേ.

ഇന്ത്യൻ വിപണിയിലുള്ള മൊൺസാന്തോ ഉത്പന്നങ്ങൾ പ്രധാനമായും റൗണ്ടപ്, മാക്കെറ്റി, ലീഡർ എന്നീ കളനാശിനികളാണ്. അതിന്റെ അന്തകവിത്തുകൾ ഇന്ത്യയിൽപ്രചരിപ്പിക്കാൻ നടത്തിയ ശ്രമം ശക്തമായ എതിർപ്പുകളെത്തുടർന്ന് പരാജയപ്പെട്ടു.

കമ്പനിയുടെ കേന്ദ്ര ആസ്ഥാനം അമേരിക്കയിലെ സെന്റ് ലൂയിസിലാണ്. ഇന്ത്യയിൽ പ്രത്യേക സ്ഥാപനങ്ങൾ നിലനിർത്താതെത്തന്നെ അതിന് ഇന്ത്യൻ കാര്യങ്ങൾ നിയന്ത്രിക്കാനാകും. അതുകൊണ്ടാണ് ഇന്ത്യൻ യൂണിറ്റുകൾ അടച്ചുപൂട്ടുന്നതത്രേ.

ജനിതക ഭേദനതന്ത്രം വഴി ഉത്പാദിപ്പിക്കുന്ന ഭക്ഷ്യവിഭവങ്ങൾ അമേരിക്കയിൽ കെട്ടിക്കിടക്കുകയാണെന്നും യൂറോപ്യൻ സൂപ്പർ മാർക്കറ്റുകളിൽ അവയ്ക്കു തീരെ ഡിമാൻഡില്ലെന്നുമുള്ള വാർത്തകളിൽ സത്യമുണ്ട്. ഈ വിപണി പ്രതിസന്ധിയെ തുടർന്ന് മൊൺസാന്തോ ഷെയറുകളുടെ മൂല്യം കുത്തനെ ഇടിഞ്ഞു. നിലനിൽപ്പിനായി അതിനു ചില അഴിച്ചുപണികൾ ആവശ്യമായി. മരുന്ന് കുത്തകയായ ഫാർമസിയെ ആൻഡ് അപ്ജോൺസുമായി അതു കൂട്ടുചേരുകയാണ്. ഈ സമ്മേളനത്തിന്റെ ഭാഗമായി വരുന്നതാണ് അടച്ചുപൂട്ടലെന്ന് ഒരു കമ്പനി വക്താവ് പറഞ്ഞു.